# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4194 — 19.10.2011 ൽ മറുപടിയ്ക്ക്

### സഹകരണ ബാങ്കുകളിലെ നിക്ഷേപം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) 31.03.2006, 31.03.2011 എന്നീ തീയതികളിൽ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ സഹകരണ മേഖലയിൽ 31.03.2006 ലെ സ്ഥിതി പ്രകാരം 20,945.97 കോടി രൂപയുടെയും, 31.03.2011 ലെ സ്ഥിതി പ്രകാരം 68,388.96 കോടി രൂപയുടെയും നിക്ഷേപ ബാക്കി നിൽപ്പുണ്ടായിരുന്നു. |
| (ബി) കുടിശ്ശിക നിവാരണ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |
| (സി) നവംബർ - മാർച്ച് മാസങ്ങളിലെ നിക്ഷേപ സമാഹരണം നിർത്തൽ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) ഉദ്ദേശിക്കുന്നില്ല. |
| (ഡി) സഹകരണ ബാങ്കുകളിൽ നിക്ഷേപം ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ? | (ഡി) സംസ്ഥാനത്തെ സഹകരണ മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനായി ആകർഷകമായ പലിശ നിരക്കിൽ മാർച്ച് - നവംബർ മാസങ്ങളിൽ പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിച്ചു വരുന്നു. അടുത്ത നിക്ഷേപ സമാഹരണ യജ്ഞം 2011 നവംബർ 1 മുതൽ 30 വരെ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഓണം സീസണിൽ സഹകരണ സമൃദ്ധി നിക്ഷേപ പദ്ധതി എന്ന പേരിൽ ഒരു മാസ കാലയളവിൽ പ്രത്യേക നിക്ഷേപ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. മാർക്കറ്റിലെ വ്യതിയാനം കണക്കിലെടുത്ത് |

നിക്ഷേപങ്ങൾക്ക് കാലാകാലങ്ങളിൽ പലിശ നിരക്ക് പരിശോധിച്ച് പരിഷ്കരിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് പ്രത്യേക സബ്കമ്മിറ്റി രൂപീകരിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ പലിശ നിരക്ക് പരിഷ്കരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സഹകരണ സംഘം ജീവനക്കാരും, ഭരണ സമിതി അംഗങ്ങളും നിക്ഷേപം സഹകരണ സ്ഥാപനങ്ങളിൽ തന്നെ നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. നിക്ഷേപങ്ങൾക്ക് മറ്റ് ബാങ്കുകളെ അപേക്ഷിച്ച് ആകർഷകമായ പലിശ നിരക്ക് നൽകി വരുന്നു. സീനിയർ സിറ്റിസണിന് അധിക പലിശ നിരക്ക് അനുവദിച്ചിട്ടുണ്ട്. മത്സരബുദ്ധിയോടെ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനും ആയത് പ്രോത്സാഹിപ്പിക്കുന്നതിനുമായി ക്യാമ്പയിനിൽ വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്യുന്നു. പ്രത്യേക സന്ദർഭങ്ങളിൽ സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആവശ്യാനുസരണം സംഘങ്ങൾ/ബാങ്കുകൾ സംഘടിപ്പിക്കുന്ന തനതായ നിക്ഷേപ പദ്ധതികളും, പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞങ്ങളും സംഘടിപ്പിക്കുന്നത് അനുവദിക്കുന്നതിനും പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ